St. Thomas College (Autonomous), Thrissur

NSS Unit 42 & 144

# വായനവാരം

JUNE 19 - June 26, 2021

"TODAY A READER, TOMORROW A LEADER."

# വൈഖരി

Poems കവിതകൾ

ESSAYS ഉപന്യാസങ്ങൾ

Stories കഥകൾ

Creative Works കലാസൃഷ്ടികൾ

# ആമുഖം

തൃശ്ശൂർ സെന്റ് തോമസ് കോളേജ് (ഓട്ടോണമസ് ) ലെ എൻ.എസ്.എസ് യൂണിറ്റുകളായ 42, 144 ന്റെ നേതൃത്വത്തിൽ വായനദിനത്തോടനുബന്ധിച്ച് ജൂൺ 19 മുതൽ 26 വരെ നീളുന്ന വായനവാരത്തിന്റെ ഭാഗമായി വൊളണ്ടിയേഴ്സിന്റെ സാഹിത്യ രചനകൾ ഉൾകൊള്ളിച്ചു കൊണ്ട് പുറത്തിറക്കുന്ന മാഗസിനാണ് 'വൈഖരി'.


By Anagha C S
2




3 **Photography by Dilruba K C**

## പ്രതീക്ഷയുടെ നാളുകൾ.

തിരഞ്ഞെടുക്കപ്പെട്ട പല പുസ്തകങ്ങളിൽ വച്ച് ആടുജീവിതത്തെക്കാൾ ഉപരിയായി മനസ്സിൽ സ്ഥാനം പിടിച്ച മറ്റൊരു പുസ്തകമില്ല. ശിഥിലമായ, സങ്കീർണ്ണമായ ഒരു കഥാഘടന ഈ നോവലില്ല. ബത്തയിലെ ചെറിയ പോലീസ് സ്റ്റേഷനു മുന്നിൽ ഹമീദുമൊത്ത് തോറ്റവരെപോലെ നിൽക്കുന്ന നജീബിനെ നാമാദ്യം കണ്ടുമുട്ടുമ്പോൾ അയാൾകടന്നുപോന്ന സഹനത്തിന്റെ കനൽപ്പാടുകളൊന്നും മറക്കാനാവില്ല.

അസാധാരണാനുഭവത്തിന്റെ പീഡന കാലത്തിലേക്കു വലിച്ചെറിയപ്പെടുന്ന നജീബെന്ന സാധാരണക്കാരന്റെ ജീവിതത്തെ വരച്ചുകാട്ടുന്ന നോവലാണ് ആടുജീവിതം. തന്റെ ഗർഭിണിയായ ഭാര്യയെയും പിരിഞ്ഞ് അറബി നാട്ടിലേക്ക് ചേക്കേറുന്നവനാണ് നജീബ്. പുതുപുത്തൻ നീളൻവസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളും പൂശി നടക്കുന്ന ഒരു അർബാബിനെ നജീബ് സ്വപ്നം കണ്ടുവെങ്കിലും ദുർഗന്ധം വമിക്കുന്ന വസ്ത്രങ്ങളണിഞ്ഞ ഒരു അർബാബിന്റെ ക്രൂരവലയത്തിലേക്കാണ് നജീബ് വലിച്ചെറിയപ്പെട്ടത്.

എണ്ണ രാജ്യങ്ങളിൽ ജോലിസാദ്ധ്യത കൂടിയ കാലത്ത് വെള്ളത്തിൽ മുങ്ങാംകുഴിയിട്ട് ജീവിക്കുന്ന ഏതൊരുവനും ആഗ്രഹിക്കുന്ന ഒന്നാണ് അറബിനാട്ടിലെ ജോലി. എന്നാൽ എല്ലാ സ്വപ്നങ്ങളെയും തകർത്തെറിഞ്ഞ ഒരു തുള്ളി വെള്ളത്തിനുപോലും പ്രഹരം ഏറ്റുവാങ്ങേണ്ടിവന്ന സഹന കടലിലേക്കാണ് നജീബ് ചെന്നെത്തിയത്. മരുഭൂമിയിലെ ഉരുകുന്ന ചൂടിൽ ആടുകളെയും മേയ്ച്ചുകൊണ്ട് നജീബ് നാളുകൾ പിന്നിടുന്നു. കാലത്തെയോ സമയത്തെയോ കുറിച്ച് നിശ്ചയമില്ലെങ്കിൽ കൂടി ഭാര്യയെയും നാടിനെയും കുറിച്ചുള്ള സ്മൃതികൾക്കുമുന്നിൽ നിസ്സഹായതോടെ അവന് നില്ക്കേണ്ടിവന്നു.അസാധ്യമെങ്കിൽകൂടി മരുഭൂമിയിലെ പീഡനത്തിൽനിന്നും കരകയറാൻ സാധിക്കുമെന്ന നജീബിന്റെ പ്രതീക്ഷയ്ക്ക് ഫലം കാണുന്നു. അടുത്ത മസറയ്ക്കുള്ളിൽ തന്നെപോലെ അടിമവേല ചെയ്യുന്ന ഹക്കീമുമൊത്ത് മരുഭൂമിയിൽ നിന്നും ഓടി രക്ഷപ്പെടുന്നു. യാത്രാമദ്ധ്യേ ഹക്കീം മരണപ്പെട്ടുവെങ്കിലും അള്ളാഹുവിന്റെ നിശ്ചയം പോലെ നജീബ് തന്റെ നാട്ടിലെത്തുന്നു.





ജീവിതത്തിലെ കൊച്ചു കൊച്ചു ദുഃഖങ്ങളിൽ തളർന്നു പോകുന്നവർക്ക് നജീബിന്റെ ജീവിതം എന്നുമൊരു മാതൃകയാണ്. കൊടും പീഡനങ്ങൾക്കു നടുവിലും ഒരിക്കലും സാക്ഷാത്കരിക്കാൻ സാധ്യമല്ലാത്ത ആഗ്രഹങ്ങൾക്ക് മുന്നിലും പ്രതീക്ഷകൾ അവനെ ജീവിക്കാൻ നിർബന്ധിതനാക്കി. തോൽവിയും ജയവും ജീവിതത്തിൽ അനിവാര്യമാണ്. എന്നാൽ പരാജയങ്ങളിൽ തകർന്നു പോകാത്ത ഒരു മനസ്സാണ് നാം സൃഷ്ടിക്കേണ്ടത്.

-Augustina C S


Amrithakrishna. k
B.com finance
7



By Suria K Ragesh



# വായിക്കുവിൻ വളരുവിൻ

വായിക്കുവിൻ വളരുവിൻ
വാനോളം ഉയരുവിൻ
വായനതൻ വനത്തിലെ
കാറ്റായി പരക്കുവിൻ
സൗഗന്ധികം പരത്തും
പുഷ്പമായി
തേൻ നുകർന്നെടുക്കും
തേൻവണ്ടായി
പരത്തുക പ്രകാശം
കുരുന്നു മനസ്സുകളിൽ

-Thamanna R P



Photograpy by Swathy T

# IT'S DRIZZLING

**Why the sky is so sad?**
**Full of wrinkles and dark patches**
**Spread on your face.**
**Did your parents scold you?**
**Oh! What's that?**
**Why did you turn the flashlight on?**
**Just missed hitting my eyes**
**I said turn off.**
**What's that sound?**
**Why do you yell?**
**It's hurting my ears**
**Was that a revenge**
**Now a deafening silence**
**Your eyes are brimmed with tears**
**It falls on me**
**Or, are you spitting on me**
**Anyway it's bucketing down**
**I could feel it's rhythm**
**That's music to my ears**
**The heaven have opened**
**And I am buzzing.**

**-ANOOJA POULOSE**

# സ്വാസ്ഥ്യം

ഓർമ്മകളിൽ തത്തി കളിച്ചുകൊണ്ട് വിഹ്വലതകളുടെ ശൂന്യമായ നോവുകളിൽ നിന്നും ഒഴിഞ്ഞു മാറാൻ അവൾ എന്നും ശ്രമിച്ചിരുന്നു. അന്ന് ആ പൂമരം ഒരു 'പൂമരം' ആയിരുന്നു. ഇന്നും അത് അങ്ങിനെ തന്നെ ആണോ? എന്തുകൊണ്ടോ അത്തരം പ്രബലമല്ലാത്ത ചിന്തകളിൽ നിന്ന് കൊണ്ട് അവൾ അസ്വാസ്ഥ്യപ്പെടുകയാണ്. ഓർമ്മകൾക്ക് ചായം പൂശി വിവർണ്ണമാക്കാൻ എന്തിനാണ് തന്റെ വ്യർത്ഥമായ പരിശ്രമം? ഇനിയും തന്റെ ധ്യാനങ്ങളെ വിവർണ്ണമാക്കാൻ കഴിയില്ല... പണ്ട് സന്മാർഗ്ഗപാഠാവലിയിൽ വായിച്ച ഒരു വാക്യം അന്നവളുടെ അകതാരിൽ സ്പഷ്ടമായി തെളിഞ്ഞു വന്നു; 'ചിന്തകൾ ചിതകളാകാതിരിക്കട്ടെ'എത്ര അർത്ഥവത്തായ വാക്യം!


ഇന്നവൾ ചുടാറിപ്പോകാത്ത സ്മൃതിപഥങ്ങളിലെ ഊഷ്മളതയെ നറുപുഞ്ചിരിയാക്കി സ്വാസ്ഥ്യം പ്രാപിക്കുകയാണ്.. സ്വാസ്ഥ്യം???

**Arya Pramod**






PHOTOGRAPH
BY
ANANTH R
KRISHNA


സ്വപ്നങ്ങൾ .....
എനിക്കും ഉണ്ട്
നടക്കില്ല എന്നറിഞ്ഞിട്ടും
ദിവസവും രാത്രി
ഉറങ്ങാൻ നേരം
കണ്ണു തുറന്ന് കാണുന്ന
സ്വപ്നങ്ങൾ .....
-Aljo Santhosh
14

“You only live once, but if you do it right, once is enough.”— Mae West

The world we live in is just a tiny spec in this massive universe, although whatever we see around us makes us feel just the opposite. From the moment we are born in this magnificent place we feel we are the centre of attraction. But as we grow up things start becoming clear, and also a little bit haunting. Not for everyone though. The ones that have a different perspective of life end up living it to the fullest. Every single kid in this world has at one point or the other definitely heard how tough it was growing up back in the old days. Is it in any way different right now? I don't think so. Almost all of us have similar problems or our problems end up being similar at one point of time. This diversity in problems has made us not perform to our potential.

The only difference I have felt that demarcates the current generation from the old one is we are easy going. To be frank that is exactly how everyone should be, isn't it? And look at what happens in the end.

The old method of showing kids how terrible life can be and almost orienting them to be money making or career centred "grown ups" has eventually led to a decrease in social happiness, both inside and outside one's own home.

Our education system really teaches us to build a career but never to live a full life. The entire society doesn't teach us how to live and thinks it's something that we should learn. Of course life is different for different people. But just like I mentioned earlier, all the problems eventually end up being kind of the same for everyone.

No one teaches us to be confident, or disciplined or whatever good thing that should be there. This lack of special education might be the reason for how the generation gap has occurred. We all know value education classes (sometimes called moral education as well) exist as an integral part of our life. But has it made any difference? Why do only some people follow the rules and why only few are happy with it? This goes on to prove that there isn't any way for everyone to understand the same situation and the present situation and society pressure doesn't let children learn them properly or get taught about it properly either. A huge amount of children have lost their creativity due to the fact that many believe it will never help them in the future. And many are depressed. Then the gasoline is poured into the fire and the so-called "teenage hormone change causes mood swings" theories come up(actual scientific ones and made up ones too).

It is this dangerous game that society is playing that has caused widespread decrease in happiness rate in our country and the youth have started turning into anything that gives them happiness, be it drugs, sex or anything that they shouldn't do.

So I have given a long text on how boring life is. Maybe this essay itself has put a depression in all my dear readers. But fear not. Of all the roads that have been laid down for us we really do have the right to choose them. Sometimes we might just require that inner peace to do it. Just like Robert Frost said "and I took the road less traveled by". That road is laid by you. Not by our parents or teachers or friends but by us. The road less traveled by is the road we build. It's the road that we choose for our happiness. This may be for a career, maybe a hobby. Whatever it may be, happiness for you brings happiness around others. If you want to make a change, the first step is always to speak up for yourself. Speak up so that others will listen to you. Speak up so the speechless can also connect with you. You don't need to do yoga for peace of mind(but it really helps though). You just need to be yourself.

We have one life to make ours and others happy.

We have one life to live to the fullest.

Don't waste it.

Use it for you, for me, for us, for this world, because we don't know if a great person lives in you unless you look into yourself. You will not speak to the best person in this world unless you speak to yourself.

The so-called "millennial generation" now will turn this world to a better place. Give them the chance so that you can also live not in a better world, but the best one.

“In three words I can sum up everything I've learned about life: it goes on.”
— Robert Frost

-Harikrishnan R

## നന്ദി മാത്രം

ഒരു തുള്ളി കണ്ണുനീർ ഞാൻ
പൊഴിക്കവേ,
എൻ മനം ഒന്നിടറവേ....
മൃദുലമാം സ്വരങ്ങളാം
ആലിംഗനങ്ങൾ,
വിദൂരതയിൽ നിന്നെന്നെ
പുണർന്നീടവേ,
അറിയാതെ ഞാൻ ആശ്വസിച്ചീടുന്നു;
എത്രമാം അനുഗ്രഹീതൻ.
അറിയാതെ ഞാൻ സ്തുതിച്ചീടുന്നു
എൻ സൃഷ്ടാവിനെ..
ഇത്രമാം ബീഭത്സമീ ഉലകത്തിൻ,
എനിക്കിത്രമേൽ ഉത്തമമാമൊരു
സ്നേഹിതനെ നൽകുകിൽ നന്ദി
മാത്രം.

-Adhitya Pramod

## START LOOKING AROUND

Mobile phone addiction is a serious problem that almost every youngster faces today. This addiction causes a lot of problems in their daily life. People become more obsessed towards social media platforms. This can cause troubles in their personal life and academics of students as well. Nowadays, social media's are having bad influences on our youth through various stupid influencers and pages.

People should learn to keep their smartphones aside and pay attention towards the friends and family around them. They should learn to get likes in real life and a good comment from people whom they love. We should learn to build good relationships with others. We should be able to increase our followers in real life but not on Instagram.

-Nevin Thomas

# ജലം

കുടിക്കുവാൻ വേണം ജലം,
കുളിക്കുവാൻ വേണം ജലം,
നമുക്ക് അലക്കുവാൻ വേണം ജലം,
അഴുക്ക് അകറ്റുവാൻ വേണം ജലം,
ജലക്ഷാമം ഇന്ന് നാടാകെ രൂക്ഷം,
ജനക്ഷേമം അതിനാൽ എത്രയോ
കഷ്ടം
അരുതരുത് ദുരുപയോഗം അരുത്,
ജലം അമൂല്യമാണ് അതു
അറിയുക ജനതേ,
ജലം അമൂല്യമാണ് അതു
കരുതുക ജനതേ,
ജലം അമൂല്യമാണ് അതു
മാനിക്കുക മാനവ,
അത് മലിനമാക്കരുത് മാനവ,
അത് മലിനമാക്കരുത് മാനവ.

-Adithya Ramdas

## The song of the Newspaper

The rising sun cast a hosy hue,
Across the morning sky.
I come from from the North, South, East
and west
With brimful of News that is fresh and hot,
on a piece of crispy sheet.
I was proud that many waited eagerly
for my predicted arrival;
As I was like cup of their morning tea.
For a glance at my headlines they would
fight
But I never see the end of the day.
There is a time and space for everyone
Enjoy it to the most because
For tomorrow that would be
Occupied by others!

-Irene Austin



by Aishwary T P

# New IT Rules for OTT platforms in India

Over The Top which is a platform that offers video and audio streaming of content over the internet. It has remote any interference of the cable operators, satellite connection or broadcast mediums.

Digital India plays a major role in promoting the use of OTT platforms to stream diverse content from all over the world. A youth oriented population has led to the increase in the viewership of OTT platforms such as Netflix, YouTube etc. India is currently the worst fastest growing OTT market, and is all set to emerge as the world's sixth largest by 2024.

In January 2019, eight video streaming services had signed a self-regulatory code that laid down a set of guiding principles for content on these platforms which prohibited some types of content which include those that deliberately and maliciously disrespects the national emblem or national flag, any visual or story line that promotes child pornography, any content that "maliciously" intends to outrage religious sentiments, promotes or encourages terrorism and those contents that has been banned for exhibition or distribution by law or court.

**The main issue with OTT platform- there is no law or autonomous body to monitor and manage the digital contents provided on these platforms and it is made available to the public at large without any filter or screening.**

**In a move that will have a far-reaching impact, the Union Government has brought OTT platforms under the ambit of the Ministry of Information and Broadcasting. It will give the government control over these platforms which were unregulated till now as there is no law or autonomous body governing digital content. The regulation of OTT could also mean that these platforms would have to apply for certification and approval of the content they wish to stream.**

**The major purpose of creating laws for the OTT content is to prevent the underage people from watching certain contents. Ensuring on our part that kids in our home do not access such contents can help fulfill the very purpose.**

**C J Lakshmy**





**By Aiswarya N G**



By Aiswarya U J

വീട്ടിലെ കരിവിളക്കെന്തേ കരിഞ്ഞുപോയ്
വിജനമാം  ഉമ്മറപടികൾ.......
പാത്രങ്ങളെന്തെ ശൂന്യമായി?
മാറാല തട്ടിയ അമ്മികളും....
ഒച്ചയില്ലൊന്നിലും ഇവിടെയും അവിടെയും....
കരിവിളക്കെന്തേ പകച്ചുപോയി...
വീട്ടിലെ തൂണും പടികളും...
പിടിച്ച തുരുമ്പിന്റെ സാക്ഷികളായി..
ആർക്കും ചിരിയില്ല കളിയുമില്ല.....
ആർപ്പുവിളികൾ കുറഞ്ഞുപോയോ?
അമ്മയായിരുന്ന വീടിന്റെ വെട്ടം
താങ്ങും തണലും അറിയാതെ പോയോ..?
ഇന്നി പേടകൾ ചൊരിഞ്ഞ നിമിഷം...
വഴിതെറ്റിപോയൊരു ജീവിതങ്ങൾ...
വാദങ്ങളില്ല വാഗ്ദാനങ്ങളില്ല...
കളിയില്ല ചിരിയില്ല കരച്ചിലില്ല...
അമ്മയായിരുന്ന വീടിന്റെ വെട്ടം
താങ്ങും തണലും അറിയാതെ പോയോ

-Aparna A



By Akshaya P V

# Life is short

Love, Smile, trust,
Happy, Hope, be Humble,
Forgive, help, be thankful,
unconditional love, care, kind,
love nature, enjoy with friends,
dont bully others.
The best plan yet to come,
The best day yet to come,
**Life is Miracle of Love.**

**-Ann Mariya M F**



By Anugraha Raghu

ജീവിതത്തിലെ ഏറ്റവും മനോഹരമായ നാളുകൾ സ്കൂൾ-കോളേജ് കാലഘട്ടം തന്നെയാണ്. അവയെ കൂടുതൽ ആസ്വാദ്യകരമാക്കുന്നതിൽ മുഖ്യ പങ്ക് നാഷണൽ സർവീസ് സ്കീം (NSS)-നുള്ളതാണ്. വൊളന്റിയേഴ്സിനു NSS കേവലമൊരു പ്രസ്ഥാനമല്ല മറിച്ച് ഒരു വികാരമാണ്.

NSS എന്നു കേൾക്കുമ്പോൾ തന്നെ മനസ്സിൽ ഒരായിരം ഓർമ്മകളാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ NSS ഒരു ഓർമ്മപുസ്തകമാണ്. എല്ലാവരും ഒരുമിച്ച് സ്നേഹത്തോടെ സന്തോഷത്തോടെ പണിയെടുത്തും കളിച്ചും ചിരിച്ചും രസിച്ചും കഴിച്ചുകൂട്ടിയ NSS ന്റെ ആ നല്ലനാളുകൾ ജീവിതത്തിലെ ഏറ്റവും മൂല്യം നിറഞ്ഞ ദിനങ്ങൾ ആയിരുന്നു.

NSS എന്നു കേൾക്കുമ്പോൾ ആദ്യം ഓർമ്മവരുന്നത് സപ്തദിന ക്യാമ്പുകൾ തന്നെ ആയിരിക്കും. ഡിസംബർ മാസത്തിലെ മഞ്ഞു പെയ്യുന്ന, ഓർമ്മയുടെ നനവുള്ള ആ ഏഴു ദിനങ്ങൾ. ജീവിതത്തിലെ ഏറ്റവും മനോഹരമായ ആഹ് ഏഴു ദിനങ്ങൾ. എല്ലാ NSS വോളന്റീർസും ഒരുമിച്ച് സ്നേഹത്തോടെ പങ്കിട്ട ആ ഏഴു ദിനങ്ങൾ. ഓർമ്മയുടെ, സ്നേഹത്തിന്റെ, സൗഹാർദ്ദത്തിന്റെ കൂമ്പാരമാണ് ഓരോ NSS ക്യാമ്പുകളും. നല്ല ക്ലാസ്സുകളും, കളികളും ചിരികളും പാടാനറിയില്ലെങ്കിലും പാടിയ പാട്ടുകളും ഡാൻസുകളും ചെറിയ ചെറിയ പിണക്കങ്ങളും ടീച്ചർമാരും നമ്മൾ തന്നെ പാചകം ചെയ്യുന്ന ഭക്ഷണവും രാവിലെയുള്ള നാട് കറങ്ങലും.

അങ്ങനെ ഒരായിരം നല്ല നിമിഷങ്ങളാണ് സപ്തദിന ക്യാമ്പുകൾ.  ഒടുവിൽ ക്യാമ്പിന്റെ അവസാനദിവസം എല്ലാവരും ഒരുമിച്ച് പാട്ടുകൾ പാടി പിരിയുന്നതും..അങ്ങനെ ഓർക്കാൻ സുഖമുള്ള സ്പ്തത ദിന ക്യാമ്പുകൾ.


അതെ, ഓരോ NSS വോളന്റീർസിനും NSS ഒരു വികാരമാണ്.നല്ല മൂല്യങ്ങൾ സമ്മാനിച്ച, നല്ല പാഠങ്ങൾ പഠിപ്പിച്ച, നല്ല ഓർമ്മകൾ സമ്മാനിച്ച, നല്ല അനുഭവങ്ങൾ സമ്മാനിച്ച, നല്ല നിമിഷങ്ങൾ സമ്മാനിച്ച ജീവിതത്തിന്റെ ഒരു ഭാഗമായി മാറിയ NSS. ഓരോ വൊളന്റിയേഴ്സിനും പറയാനുണ്ടാവും NSS ലെ അനുഭവങ്ങളുടെ നീണ്ട നീണ്ട കഥകൾ.ഓഫ്ലൈൻ ക്ലാസ്സുകളും NSS പ്രവർത്തനങ്ങളും ആരും ആഗ്രഹിച്ചുപോവുന്ന സ്വപ്നമായി മാറിക്കഴിഞ്ഞു. മഞ്ഞുപെയ്യുന്ന ക്യാമ്പ് ദിനങ്ങൾ നാം എന്നും സ്വപ്നം കാണുന്നു.240മണിക്കൂർ ചുമ്മാ തികയ്ക്കുക അല്ല, മറിച്ചു 240 മണിക്കൂർ മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുക കൂടിയാണ്.ഇനിയും ഒരുപാട് ഓർമ്മകൾ സമ്മാനിക്കാൻ NSS ന്റെ നല്ല ദിനങ്ങൾ കാത്തിരിക്കുന്നു.ഇവയോരോന്നും പ്രതീക്ഷകളാണ്. ഇനി വരാൻ പോകുന്ന നല്ല നാളുകളിലേക്കുള്ള പ്രതീക്ഷകൾ.

**Meetu Manoj**


GOPIKA·K·V



By Alaka P




**THE SMILE**

I had an extra smile
When I left the house today
I thought I'd give it to someone
I passed along the way
I tried to give the smile away
But surprisingly
Each time I gave it to someone
They'd give it back to me
So now I have a bunch of smile
What am I to do?
Is there sonething else
so beautiful in this world
That comes back to us
without even asking....

-Aishwarya


Photograph by
Alwin Gbell Geevar
37




**By Aliya N K**

Book Review

## അൽ-അറേബ്യൻ നോവൽ ഫാക്ടറി


" നമ്മുടെ മധുരതരമായ അനുഭവങ്ങൾ ഒന്നും പങ്കു വയ്ക്കാതെ നമുക്ക് തരമില്ല. മനോഹരമായ ഒരു സിനിമ കണ്ടാൽ നാം അത് നാലു പേരോട് പറയും. മധുരമായ ഒരു പ്രണയം പോലും അതിന്റെ അതി മാധുര്യം കാരണം നാം ലോകത്തോട് വിളിച്ചു പറഞ്ഞേക്കും. അത്തരത്തിലൊന്നാണ് മികച്ച വായനാനുഭവം. നമ്മുടെ മനസ്സിനെ ഇളക്കിമറിച്ച ഒരു കൃതി വായിച്ചു കഴിഞ്ഞാൽ ആ അനുഭവം ആരെങ്കിലുമായി പങ്കു വയ്ക്കാതെ നമുക്ക് സമാധാനം ലഭിക്കില്ല . "
" അൽ അറേബ്യൻ നോവൽ ഫാക്ടറി" എഴുതാനിടയായ സാഹചര്യം വെളിപ്പെടുത്തുന്നതിനിടയിൽ എഴുത്തുകാരൻ ബെന്യാമിൻ പറയുന്ന വാക്കുകളാണിവ. അറേബ്യൻ രാജ്യങ്ങളിലെ മുല്ലപ്പൂ വിപ്ലവത്തിന്റെ പിന്നാമ്പുറങ്ങൾ പകർത്തിയെഴുതിയ നോവലാണ് "അൽ അറേബ്യൻ നോവൽ ഫാക്ടറി". മധ്യപൂർവേഷ്യൻ രാജ്യങ്ങളുടെ രാഷ്ട്രീയവും ഭീകരവാദവും തീവ്രവാദത്തിന്റെ വേരുകളും ഒക്കെ ഉറങ്ങുന്ന ഒരു വലിയ നോവൽ. ഒരു വിദേശിയായ നോവലിസ്റ്റിന് നോവൽ എഴുതാനുള്ള പ്രാഥമികവിവരങ്ങൾ സംഭരിക്കാൻ ആയി ചുമതലയേൽക്കുന്നവർ. ലക്ഷ്യം നോവൽ വിവരങ്ങൾ നേടുക എന്നതു മാത്രമല്ല അവരെ കാത്തിരിക്കുന്ന മറ്റു പലതും അവിടെ ഉണ്ടായിരുന്നു.

അത് അവരെ കൊണ്ടെത്തിക്കുന്നതോ ലോകരാജ്യങ്ങൾ ഉറ്റു നോക്കിയ ഒരു സോഷ്യൽ മീഡിയ സമരത്തിലേക്കും.

അൽ അറേബ്യൻ നോവൽ ഫാക്ടറി എന്ന നോവലിൽ പരാമർശിക്കപ്പെട്ട "എ സ്പ്രിംഗ് വിത്തൗട്ട് സ്മെൽ"എന്ന നോവലിന്റെ സ്വതന്ത്ര പരിഭാഷകനായി സ്വയം നോവലിസ്റ്റും നോവലിൽ ഒരു തലത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.' എ സ്പ്രിംഗ് വിത്തൗട്ട് സ്മെൽ ' എന്ന നോവലിന്റെ എഴുത്തുകാരിയായ സമീറ പർവീണിനെ അന്വേഷിച്ചുള്ള യാത്രയായി ഈ നോവൽ ഇടയ്ക്ക് മാറുന്നുണ്ട്. അതിന്റെ സ്വതന്ത്ര പരിഭാഷയായ ' മുല്ലപ്പൂ നിറമുള്ള പകലുകൾ ' കൂടെ ഈ നോവലിന്റെ കൂടെ പുറത്തിറങ്ങിയിരുന്നു. 'അൽ അറേബ്യൻ നോവൽ ഫാക്ടറി' വായിച്ച ഏതൊരാൾക്കും 'മുല്ലപ്പൂ നിറമുള്ള പകലുകൾ' വായിക്കാതെ നിവർത്തി ഉണ്ടാകില്ല. അത്രമേൽ കെട്ടുപിണഞ്ഞു കിടക്കുന്ന ഒന്നാണ് അവ.

മികച്ച വിവർത്തനത്തിനുള്ള ജെസിബി പ്രൈസും ക്രോസ് വേർഡ് ബുക്ക് അവാർഡും ലഭിച്ച എഴുത്തുകാരൻ സ്വന്തം ജോലി ഉപേക്ഷിച്ച് ഒരു നോവൽ എഴുത്തുകാരനായി തുടരാനുള്ള എല്ലാ അർഹതയും ഉണ്ട് എന്ന് പിന്നെയും തെളിയിക്കുകയാണ് ഈ നോവലിലൂടെ. ഏതൊരു വ്യക്തിയും തന്റെ ജീവിതത്തിൽ തീർച്ചയായും വായിച്ചിരിക്കേണ്ട നോവലുകൾ ആണിവ.

-Ardra T S





By Joyal Johnson

# കറുപ്പ് നിറഞ്ഞ ഇരുട്ട്

കണ്ണു തുറന്നു ചുറ്റും നോക്കൂ..
എവിടെ തിരിഞ്ഞാലും പച്ചപ്പ് മാത്രം..
പച്ച വെറുമൊരു നിറമല്ല..
അത് പ്രകൃതിയാണ്,
ജീവനാണ്,സന്തുലിതാവസ്ഥയാണ്..
നഷ്ടമാവുന്നത് ജീവന്റെ തുടിപ്പാണ്.
നമ്മുടെ ചുറ്റുമുള്ള പച്ചപ്പ് പുതച്ച പ്രകൃതിയെ
മരിക്കാൻ അനുവദിക്കരുത്.
നാം ഇനിയും കാത്തില്ലെങ്കിൽ നമ്മെ
കാത്തിരിക്കുന്നത് വെറും കറുപ്പ് നിറഞ്ഞ
ഇരുട്ടാണ്.
വേദനയുടെ,നിരാശയുടെ,നിർവികാരമായ
ഇരുട്ട്..
നമുക്ക് കറുപ്പ് നിറഞ്ഞ ഇരുട്ടിനെ മാറ്റി
പച്ചപ്പു നിറഞ്ഞ പ്രകൃതിയെ
നോവിക്കാതെ ജീവിക്കാൻ പഠിക്കാം..

-Arjun P K



By Joswin Joe

# നിൻ അച്ഛൻ

സ്നേഹത്തിൻ ആഴക്കടലാണമ്മ
എന്നു നീ ചൊല്ലുമ്പോൾ ,
ഞാൻ പറയുന്നു മകനേ
സ്നേഹത്തിൻ
മഹാസമുദ്രമാണ്
നിൻ അച്ഛൻ

നിൻ ഹൃദയമിടുപ്പുകൾ
തൻ ഹൃദയ മിടുപ്പുകളാക്കി
മാറ്റിയോൻ, നിൻ ഭാരം
തൻ ചുമലിൽ വഹിച്ചോൻ
നിൻ അച്ഛൻ

സ്നേഹത്താൽ തൻ
ഹൃദയം അലതല്ലുമ്പോഴും,
രൗദ്രഭാവം കാട്ടി നിൻ
നേട്ടത്തിലേക്കു വഴി കാട്ടിയോൻ
നിൻ അച്ഛൻ


അമ്മയെന്ന തണലിൽ
നീ വളർന്നുയെന്നുചൊല്ലുമ്പോൾ
അമ്മയ്ക്കോ തണലായി
മാറിയോൻ
നിൻ അച്ഛൻ

നീ ഭൂമിയിൽ മുളപൊട്ടിയ
നാൾ മുതൽ,
വടവൃക്ഷമാക്കി നിന്നെ
മാറ്റിയോൻ
നിൻ അച്ഛൻ

ആ സ്നേഹം മഹാസമുദ്രമാണ്
എൻ ഉണ്ണി ...
അനന്തമാം, അളവില്ലാത്ത
ജലം പോലെ .....

ഇന്നും എന്നും നിനക്ക്
തണലായി കാവലായി
രക്ഷതൻ കവചമായി
നിന്നെ കാക്കുന്ന നിൻ
കാവൽ മാലാഖ
നിൻ അച്ഛൻ


-Anjaly P S


By Muhammed Fahim T M
46

# കോവിഡും ലോക്ക്ഡൗണും

കോവിഡ് 19, ലോക്ക്ഡൗൺ ഈ രണ്ടു പദങ്ങളും ഓരോ സാധാരണക്കാരന്റെയും മനസ്സിൽ ഇടം നേടിയിട്ട് ഒരു വർഷത്തിലധികമായി. അതിനു മുമ്പ് ഈ പദങ്ങൾ സാർവത്രികമായിരുന്നില്ല.2019 ഡിസംബറിൽ ആയിരുന്നു ചൈനയിലെ ഗുഹാനിൽ കൊറോണ എന്ന സർവനാശിയായ വൈറസിനെ ലോകം തിരിച്ചറിഞ്ഞതും പിന്നീട് ലോകത്തിലെ എല്ലാ രാജ്യങ്ങളിലേക്കും പ്രസ്തുത വൈറസ് വ്യാപിച്ചതും. കേൾക്കുമ്പോൾ അതിശയോക്തിപരമായി തോന്നുന്ന ഈ വ്യാപനം തടയുന്നതിന് ലോകത്തിലെ വികസിത, വികസ്വര, അവികസിത രാജ്യങ്ങളൊക്കെ കണ്ടെത്തിയ മാർഗ്ഗമാണ് ലോക്ക്ഡൗൺ അതായത് സർവ്വവും അടച്ചുപൂട്ടൽ. കേവലം സോപ്പ് കുമിള കൊണ്ടും സാനിറ്റൈസർ  കൊണ്ടും നശിപ്പിക്കാവുന്നതും വായിവിലൂടെയോ ജലത്തിലൂടെയോ പകരാത്തതുമായ ഈ വൈറസിനെ നേരിടാൻ നാം എന്തിനു മുറികളിൽ അടച്ചിരിക്കണം. സർക്കാരിന്റെയും പോലീസിന്റെയും നിർദ്ദേശത്തിനു വഴങ്ങി പെരുമാറാതെയുള്ള ഈ ജീവിതശൈലി കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്. സമ്പൂർണ്ണ അടച്ചിടൽ ഒന്നിനും പരിഹാരമല്ല. അതു രാജ്യത്തിന്റെ സാമ്പത്തിക സാമൂഹിക വളർച്ചയെ മുരടിപ്പിക്കും. അതുകൊണ്ട് വ്യാപനം ശാസ്ത്രീയമായി തടയുന്നതിനുള്ള മാസ്ക് ,സാനിറ്റൈസർ ഉപയോഗം ,ശാരീരിക അകലം പാലിക്കൽ ,വൈറസ് വ്യാപിക്കുന്ന തരത്തിലുള്ള കൂടിച്ചേരൽ ഒഴിവാക്കൽ ...ഇതൊക്കെയാണ് ശ്രദ്ധിക്കേണ്ടത്....

-SREELAKSHMI A M




**By Anamy K Joy**

## TEMPORARY COMPANION

Oh! You came like a stranger one day
Unexpected! Wept my heart I say
Tired to be a part of mine, I refused.
But! Needed to accept the reality.

Soon! You picked my heart
With your thorns; My happiness was lost.
You took the possession over me.
I detest you for that reason

You fabricated my cheeks rough
For me to watch the condition was tough.
I tried to hurt you with my nails
Pricked you, but your friends accompanied me

I wandered, Where lost my dimple?
You left scars of your anger simple
And added to my sorrow book
Though days passed like horror.

I tried to accept you deeply
You accompanied me longly.
Days passed one by one Buddy!
Hey you too increased day by day.

**I pondered ,Why I**
**Should hate you? Why should I feel shy?**
**You were with me in times of sadness,**
**Happiness ,Worries,Tensions and Sorrows.**

**I tried to vanish you by many creams**
**But that was one of my unfulfilled dreams**
**You accompanied me when I am alone**
**My tears rolled over you, dear friend.**

**You look me and now I too**
**Till your last breath,lets move**
**Kiss my cheeks all the day**
**What dimples for?My cute little pimples!!**

**-Ann Flower Ouseph**



By Angel Joshy

# Music


Music is powerful. Music has a definite impact on us in most,if not all aspects of our lives. Music can change the mood of a person, act as a carrier for suggestions, and even influence the mind.

You can appreciate the power of music by imagining watching your favourite movie without any music whatsoever.

Imagine all commercials being void of music. I'm sure you can appreciate the power and influence that music has. Music indeed had a lot of power over us whether we realise it or not.

I'm very sensitive to music especially since I'm a musician

I use music often to lift up my spirits ro speak or to just enter into the presence of God. It's quite amazing that music has such an effect on us.



-K Soundarya Mohanan





By Angel Rose

# ഭവനം

പെറ്റമ്മയേക്കാൾ കാവൽ നിൽക്കും ഭവനം
ആദ്യം ഭൂമിയിലേക്ക് കാൽക്കുത്തിയ നാളിൽ
കൈത്താങ്ങായി ഭവനം
അവിടെയോ ഞാൻ പിച്ചവെച്ചു നടന്നു
കാറ്റിനപ്പുറം പൈതൽ കിടാവുതൻ
നാദമുദിക്കുമ്പോൾ
ഒച്ചയുണ്ടാക്കുന്ന ആത്മാക്കളേയോ
പ്രേതങ്ങളെയോ
ഭയപ്പെടുന്നില്ലെൻ ഭവനം
വാടാമുല്ലയ്ക്കുമപ്പുറം
ഉറച്ചുനിൽക്കുമെൻ മൃദുല ഭവനം


പകൽ മാറി നിശ വന്നതും
നോക്കി
ഇരുന്ന ആട്ടുകല്ലും
ആനന്ദ ഉല്ലാസങ്ങൾക്ക് അപ്പുറം
വികാരമായെൻ ഭവനം
അവസാനമായപ്പോൾ എൻ നിഴലിലൂടെ
റ്റാറ്റാകാട്ടി ഭൂമിയിലേക്ക്
താഴുന്നതും നോക്കി ഞാൻ നിനച്ചിരിക്കവേ

"എൻ മനസ്സ് പിടയുന്നിപ്പോൾ
എൻ  ഭവനം ഇന്ന് ഓർമ്മകളായിരിക്കവേ...."

-Irene V J



By Mishal Zaman



എത്ര സുന്ദരമായിരുന്നെന്റെ ബാല്യം
ഇന്ന് ഞാൻ വളരെയേറെ കൊതിച്ചിടുന്നു -
തിരികെ കിട്ടാൻ.
കിട്ടിയാൽ ഞാൻ ഇന്ന് ഏറെ സന്തോഷവാൻ,
പക്ഷേ ആ സന്തോഷം ഒരിക്കലും
തിരികെയില്ല.
പരസ്പരം സ്നേഹം പങ്കിട്ട കാലം,
പരസ്പരം നോവുകൾ പറഞ്ഞ കാലം.
ആരെയും പഴിക്കുവാൻ ഞങ്ങൾ ഇല്ല...
ആരെയും തകർക്കാൻ ഞങ്ങൾ ഇല്ല....
നാടിനെ സ്നേഹിച്ചും മണ്ണിനെ സ്നേഹിച്ചും
പ്രകൃതിയെ സന്തോഷിപ്പിച്ചവരാണ് ഞങ്ങൾ,
പക്ഷേ  ഞങ്ങൾക്ക് ഇന്ന് അതിന്
കഴിയുന്നില്ല.
നേരം ഇല്ല.... നേരം ഇല്ല എന്ന ഒറ്റ വാക്ക്
മാത്രം.


-Sreerag A M


By Angel Varghese
57

## അകലുന്ന വേദന...

നമ്മൾ അകന്നിരിക്കുന്നു
ഒരിക്കലും അടുക്കാൻ കഴിയാത്ത വിധം
വേദനകളുടെ കൂട്ടത്തിൽ
ഞാൻ ഇതു സൂക്ഷിക്കുന്നു.
ഹൃദയത്തിൽ ഇനിയും സ്നേഹം ബാക്കിയില്ല
ഉള്ളതോ പങ്കുവയ്ക്കാൻ തികയുന്നുമില്ല.
എനിക്കു പറയാൻ വാക്കുകളില്ല
പൊറുക്കുക...
ഓർമ്മകളിൽ നീ ഉണ്ടാകുമോ?
അതറിയില്ല എങ്കിലും
ഈ വിടവാങ്ങൽ സ്വപ്നങ്ങളുടെ ദുഃഖമാണ്
വിരഹത്തിന്റെ തേങ്ങലുമാണ്.
ഇനിയുള്ള ജീവിതയാത്രയിൽ നമ്മൾ കണ്ടു -
മുട്ടുമോ? എനിക്കറിയില്ല.
പക്ഷേ എല്ലാം ഞാൻ മറക്കും
നിനക്കുവേണ്ടിമാത്രം
നമ്മൾ പറഞ്ഞത്, പറയാനിരുന്നത്
ഇനിയും പറയാനുള്ളത് എല്ലാം മറക്കും
നമ്മളെയും മറക്കാം.
ഇനി നീയും ബാക്കിയായ ഞാനും മാത്രം.

-Hebin Fenix




**By Anjaly Biju**


# അവൾ

അവൾ പാടിയ പാട്ടുകളെല്ലാം അവളുടെ
കാതുകളല്ലാതെ മറ്റാരും കേട്ടില്ല
അവൾ ആടിയ ചുവടുകൾ
അവളുടെ മുറിയ്ക്കുള്ളിൽ ഒതുങ്ങി
അവളുടെ തിളക്കമാർന്ന വിജയങ്ങൾക്ക്
ഒരു  സ്വപ്നത്തിന്റെ ആയുസ്സ് മാത്രമേ
ഉണ്ടായിരുന്നുള്ളൂ
അവളിലെ ധീരവനിതയുടെ പ്രതികരണങ്ങൾ
ഉറച്ച ശബ്ദമായി പുറത്തു വന്നില്ല
അവളുടെ ബുദ്ധിയുടെ ആഴങ്ങളിലേക്ക് ആരും
ഇറങ്ങിയില്ല

അവളിലെ കൂട്ടുകാരിയെ
അവളിലെ പ്രണയിനിയെ
അവളിലെ മധുരഭാഷിണിയെ
അവളിലെ പോരാളിയെ
ആരെങ്കില്ലും  അറിഞ്ഞോ

ആരെങ്കില്ലും അവളുടെ ചിറകുകളെ ബന്ധിച്ചോ?
ഏതെങ്കില്ലും ചുഴിയിൽ അവൾ അകപ്പെട്ടുവോ?
അവളുടെ ശബ്ദത്തെ ആരെങ്കില്ലും
ഇല്ലാതാക്കിയോ?
ഇല്ല..........
പിന്നെ???

-Arpitha R




By Ann Mariya Sunny


By Jalvy Jaicky
62

# നിറങ്ങൾ

നിറങ്ങളിൽ ഭ്രമിച്ച
ഒരുവളുണ്ടായിരുന്നു,
നിറങ്ങളിലെല്ലാം
വർണ്ണങ്ങൾ തിരഞ്ഞവൾ.
നിറങ്ങളെ പറ്റി നിരന്തരം
ചോദിച്ചിരുന്ന ഒരുവൾ.
താൻ  കറുപ്പാണെന്നറിഞ്ഞപ്പോഴാണ്
നിറങ്ങളിലും നിറങ്ങളുണ്ടെന്നവളറിഞ്ഞത്.
നിറങ്ങൾക്കും ചേർച്ചയുണ്ടെന്നും,
ഭാഷയും മതവും രാഷ്ട്രീയവുമുണ്ടെന്നും
പിന്നെ
എപ്പോഴൊക്കെയോ
അവളറിഞ്ഞു.
താൻ തേടിയ വർണ്ണങ്ങളൊഴികെയെല്ലാം
നിറത്തിലുണ്ടെന്നവളെന്നോ അറിഞ്ഞു.

അച്ഛനെ വെള്ളപുതപ്പിച്ചപ്പോൾ,
നിറങ്ങളന്യമാകുന്നതും,
അമ്മയുടെ  ജീവിതത്തിന്റെ നിറം
വെളുപ്പായി തീരുന്നതും
ശൂന്യതയിലേയ്ക്ക്
കറുപ്പ് പടരുന്നതും അവളറിഞ്ഞു.

സ്വപ്നങ്ങൾ നിറംകെട്ട്
തുടങ്ങിയപ്പോഴാണ് ഇവിടെ നിറങ്ങളുണ്ടോ
എന്നവൾ സംശയിച്ചത്.
പുതിയ നിറങ്ങൾ തരാമെന്നൊരുവൻ
പറഞ്ഞത്
നെറ്റിയിൽ ചുവപ്പ് പടർന്ന
രാത്രിയിലാണ്.
പ്രണയത്തിനേക്കാൾ ചുവപ്പ്
രക്തത്തിനുണ്ടെന്നും,
വേദനയ്ക്കും കണ്ണീരിനും
നിറമില്ലെന്നും
അവളറിഞ്ഞത് അവനിലൂടെയാണ്.

പിന്നീടെന്നോ നിറങ്ങൾ
നരയ്ക്കുന്നതവളറിഞ്ഞു.
തൊലിയിലെ പാടുകളും,
ക്ഷതങ്ങളും കറുപ്പായി
അവശേഷിച്ചപ്പോഴാണ്
ഇവിടെയുള്ള ഒരേ ഒരു നിറം
കറുപ്പാണെന്നവളറിഞ്ഞത്

തനിച്ച് നടക്കാൻ തുടങ്ങിയപ്പോഴാണ്
കറുപ്പിനപ്പുറം നിറമുള്ളതവളറിഞ്ഞത്.
സ്വപ്നങ്ങൾക്ക് നിറം
പകരാൻ തുടങ്ങിയപ്പോൾ
പുതിയ നിറങ്ങൾ
തെളിയുന്നതവൾ കണ്ടു.
അതുവരെ താൻ കണ്ടതൊക്കെ
ആരോ ചാലിച്ച നിറങ്ങളാണെന്നും,
നിറത്തിന് വർണ്ണങ്ങളല്ലാതെ
മറ്റൊന്നുമില്ലെന്നും
അവളറിഞ്ഞത്
സ്വയം നിറങ്ങൾ സൃഷ്ടിക്കാൻ
തുടങ്ങിയപ്പോഴാണ്.
പണ്ട് തേടി നടന്ന വർണ്ണങ്ങളൊക്കെ തന്റെ
നിറങ്ങൾക്ക്
മാത്രമേയുള്ളു എന്നറിഞ്ഞതിൽ
പിന്നെയാണ്
അവൾ വീണ്ടും
നിറങ്ങളിൽ ഭ്രമിക്കാനും
നിറങ്ങളെ സ്നേഹിക്കാനും തുടങ്ങിയത്.

-Anulakshmi C A



By Ann Mariya Thomas

ഒരു വളപ്പൊട്ടുണ്ടെൻ
കൈയിൽ....
ഒരു മയിൽപ്പീലിയുണ്ടെ
ന്നുള്ളിൽ....
വിരസ നിമിഷങ്ങൾ
സരസമാകുവാനിവ
ധാരാളമാണെനിക്കൊന്നു.....
.

-Athulya Chandran




**By Jenett P J**



By Safa Shajahan

# LONELINESS : MY ONLY COMPANION LEFT.

Someone and somebody left
Everything and everybody left.
Yet, in my life you are the only one who hasn't left.
Loneliness, dear, my only companion you are left.

They talked and laughed.
We wept and cried.
Yet, my eyes you wiped.
Loneliness, dear, my only companion you are left.

Far in the corner where I had been seated.
To me , you had Talked.
With thousand words unsaid.
Loneliness, dear, my only companion you are left.

Like a summer I am and my mango showers you are.
A loner I am, my shadow you are.
As,Everyone and everybody left.
Yet, in my life you are the only one who hasn't left.
Loneliness, dear, my only companion, you are left.

- Anmol Lino


By Archana P


By Aswathy M S

# ആകയാൽ

ഒന്നെഴുതണമെന്നാകയാൽ
വിഷയമതാവർത്തി വെട്ടി ഞാൻ
ഒന്നിലും നിൽക്കാതെ
അലയുന്നതെന്തെന്നുമോർത്തു ഞാൻ
ഓർക്കുവാനെന്തിരിക്കുന്നല്ലെടോ,
താൻ തന്നെ വേറെന്ത് എന്നിൽ നിന്നാകെയും
പെയ്യുവാൻ.
ആകാശമൊട്ടു കാറണിയാതിരിക്കലും,
പച്ചില പൊഴിഞ്ഞഴക്
മണ്ണ് പുണരായ്കിലും,
ഗന്ധരാജൻ സഖീ കോതിയഴിച്ചിട്ട
വാർമുടിയിഴകളിൽ
രക്തഗന്ധം പേറും
എന്റെയീ ദുഃഖമാം കൈകൾ പരതവേ
തെല്ലിട മന്ദസ്മിതം തൂകാതിരിക്കു താൻ
ഓർമ്മകൾ മെല്ലെ മരിച്ചിടട്ടെ താനെ.
ഓർക്കുവാൻ ബാക്കിയായ് ഒന്നിരുന്നാലല്ലേ
വീണ്ടുമൊരു കവിതയായ് കണ്ടുമുട്ടേണ്ടുള്ളൂ
മടുപ്പല്ലെനിക്കോ തനിക്കും ഒരിക്കലും
തന്നെ താൻ കണ്ടു മടുത്തു
ഇവർക്കെടോ...
താനെന്ന വേരിൽ തട്ടി തടഞ്ഞിവർ
എന്തിനിന്നലയുന്നു ഞാനെന്നൊരാഴിയിലും.
പൂർണമാക്കുന്നിതാ താനെന്ന കവിത ഞാൻ,
ചിതലരിച്ചീടട്ടെ ഇവരിൽ കിടന്നതും.


-Gokul K V



**By Sreeranjini M**

# A CHILD LAMENTS

Once heard about those birds
and the bees and exploits
of pollination,
amidst the
flowers the trees.
Now I knew,
Why we had a garden





Once when inquiring where i was born.
"In the back garden
beneath the cabbage patch
Wow, talk about being a vegetable!

By Archana V



By Edwin Vinson


# പ്രണയമഴ

മഴ മലർ ഇതളുകളായ് അണയുമോ പ്രണയമേ
എന്നിൽ അലിയുമോ പ്രണയമേ
തളിരില തളരും ഈ ചെറു വെയിലൊളിയിൽ ഒരു
തുടം കുളിരുമായി അരികിൽ അണയുമോ
പ്രണയമേ
മഴവിൽ അഴകുമായരികിൽ അണയുമോ
പ്രണയമേ
അനുരാഗമായി അമൃത് ചൊരിയുമോ

തോരാ മഞ്ഞിൻ തൂവലായി തഴുകുമോ
തീരാമോഹം മാരിയായ് അണയുമോ പ്രണയമേ
അതിലോലം അനുരാഗമായി അരികിൽ
അണയുമോ പ്രണയമേ
അഴകലയായ് ഒരു മനമായ് ഒഴുകുവാൻ
അണയുമോ പ്രണയമേ

മഴ നൂലുകൊണ്ട് മലർ കോർത്തൊരു
മണിയറ പണിയുമോ പ്രണയമേ
തണുവണി തുടു വിരൽ കുളിരുമായി
കുറുമ്പുമായ് കുറുനിര തഴുകുമോ
പ്രണയമേ
എൻ അനുരാഗമായ് അണയുമോ പ്രണയമേ

-Della Shajan



By Arjun Krishna




**Photography by Bhagya Vijayan**

# Memories As A Phantasm

Fine memories can't be wiped out,
as the worst ones won't clear out.
Moral memories decide the time ahead,
the worst teach how to move ahead.

Memories screen our past,
dreams pictures our future.
The good dreams lead our future.
Good memories light our future.

Some mankind live through memories,
and some memories live through people.
Memories can be priceless,
they could be a great favour.

-Harirang S




By Clint Jose




**By Christy Mariya**




"വായിച്ചാലും വളരും,
വായിച്ചില്ലെങ്കിലും വളരും.
വായിച്ചു വളർന്നാൽ വിളയും,
വായിക്കാതെ വളർന്നാൽ വളയും!"

- കുഞ്ഞുണ്ണി മാഷ്


**By Jasmin Jose P**

## My Unknown Soulmate

I remember seeing this girl from a very young age. Everyday, wherever I go, whatever I do, she used to watch me from a distance. I didn't notice her at first. Well, I'm not to be blamed for that because as a child I am supposed to be busy with my childish self. Later on, I happened to see her one day. A girl of my same age. She seemed to be someone lost, wandering in search of her own identity. A lost girl who doesn't even know what she is in search of. At the beginning, I didn't give it too much importance. But it seemed that she was instilling a curiosity in me to know about her. It felt as if she was trying to communicate with me. I set out on a journey to know about her. And finally, one evening, we met. We had a strange talk that day. Two people talking about similar things but still quite different from each other. As days passed, we got involved with each other more and more. And slowly, we became friends. I started sharing things with her. Days after that seemed to be much more beautiful than before. Years passed. She has always had my back no matter what happened. Happy or sad, cheery or gloomy, stressed or relaxed, she is always there for me. Our bond kept growing even stronger.

Today, I'm able to enjoy my happiness, deal with my problems, handle my loneliness and most importantly live for myself. I hardly care about what others think or say about me. Because, I have this very special friend with me. Like my best friend, my soulmate, my forever companion. She is always there with me, no matter how stupid are the decisions I make. Even if I fail to succeed in what I've planned, I've got no worries. Because she has taught me to learn from my mistakes and make a leap forward that is even more energetic than before. That's when I realised what her name meant. And her name was ME. It is all about finding the real you. Once you get to know yourself, things change on their own and that will be the best part of your life. It is a bond that you have with yourselves that determines what kind of a person you are. Remember, The worst part of life is when you set out on a journey to find happiness without realising that real happiness starts within you and you have left the real you behind. You have no best companion in life than yourself, for it is when you find yourself that you really start living it.


-Shilpa A


IT ADDS UP!
If you read just 15 minutes a day, in one year you will have read over 1,000,000 words!

By Jomol C J



By Jovana Johnson




By Sudev P

## മടക്കയാത്ര

സാങ്കേതികവിദ്യയുടെ കൊടുമുടിയിൽ എത്തിയപ്പോൾ മനുഷ്യന് കൈമോശം വന്നൊരു ശീലമാണ് വായന. പുസ്തകങ്ങൾ എല്ലാം ചിതൽമൂടി, ലൈബ്രറികൾ ശൂന്യമായി. പുസ്തകത്തിന്റെ ഓരോ താളുകളും മനുഷ്യന്റെ സ്പർശനം കൊതിച്ചു കാത്തിരിപ്പായി. ഈ ലൈബ്രറിയുടെ ഇരുണ്ടമൂലകളിൽ മനുഷ്യമണം കൊതിച്ചിരിക്കുന്ന പുസ്തകങ്ങൾക്കിടയിൽ ഒരു പറ്റം വാലൻമൂട്ടകൾ ജീവിച്ചിരുന്നു. നീളമുള്ള വാലുകളും, തിളക്കമുള്ള ശരീരവും, ഇവയുടെ ചലനങ്ങളുടെ വേഗതയും ആകാശത്തിലൂടെ പോകുന്ന വിമാനങ്ങളെ ഓർമ്മപ്പെടുത്തുന്നതായിരുന്നു. പുസ്തകങ്ങളെ ആവാസസ്ഥലമാക്കിയ കുഞ്ഞുവാലൻമൂട്ട വളരെ സന്തോഷവാനായിരുന്നു. ഓരോ താളുകളിലും ദ്വാരമുണ്ടാക്കി മുന്നോട്ട് പോകുമ്പോൾ വാലൻമൂട്ടയുടെ മനസ്സ് സന്തോഷംകൊണ്ട് തുള്ളിച്ചാടുകയായിരുന്നു. അങ്ങനെ അവസാനത്തെ താളും കാർന്ന് അവൻ മനസ്സിൽ പറഞ്ഞു " ഹാവൂ! ഇനി എനിക്ക് എവിടേക്കും പോവണ്ട. സുഖമായി ജീവിക്കാം. ഈ പുസ്തകത്താളുകളിലൂടെ അനായാസം കളിച്ചു നടക്കാം. എന്തു രസമായിരിക്കും. " അങ്ങനെ ചിന്തകളിൽ മുഴുകി കുഞ്ഞു വാലൻമൂട്ട.


അങ്ങനെയിരിക്കെയാണ് നാട്ടിൽ ഭീതി പരത്തി ഒരു വൈറസ് ജന്മമെടുക്കുന്നതും ലോക്ക്ഡൌൺ പ്രഖ്യാപിക്കുന്നതും. മനുഷ്യരെല്ലാം വീട്ടിൽക്കൂടി. പുറത്തിറങ്ങാൻ പറ്റാതെയായി. ടി. വി യും ഫോണും ഓൺലൈൻ ക്ലാസ്സുകളിൽ മുഴുകി. മനുഷ്യൻ പുസ്തകങ്ങളെ തേടി എത്താൻ തുടങ്ങി. വാലൻമൂട്ടയ്ക്ക് പെട്ടെന്നൊരു ഭയം അനുഭവപ്പെട്ടു. മുകളിൽ നിന്ന് എന്തൊക്കെയോ വീഴുന്നതുപോലെ തോന്നിത്തുടങ്ങി. പുസ്തകങ്ങൾക്ക് ജീവൻ വച്ചു. വാലൻമൂട്ട പുസ്തകത്തിൽ നിന്നും താഴെ വീണു. അവനാണെങ്കിലോ പുസ്തകം വിട്ടൊരു ജീവിതം ചിന്തിക്കാൻ കഴിയില്ലായിരുന്നു. അങ്ങനെ നിവൃത്തിയില്ലാതെ അവൻ പുറത്തേക്കിറങ്ങി. മനുഷ്യൻ തന്റെ പുസ്തക ജീവിതത്തിലേക്ക് ഒരു മടക്കയാത്രയും നടത്തി.

-Krishnapriya P V





By Lana Thomas




**By Mohammed Ashik**

## POWER AND SILENCE


Power is the only thing that matters nowadays. Everyone are in a race to prove that they are above others there is no room nowadays for corporation, no room for solutions, no room for even open talk. Nowadays, we come across three type of reactions from three type people:


1) they openly participate and directly oppose whoever is in front of them not by the fact that they are right but by the fact that they themselves thinks they are right. Most importantly their opinions are taken into account.

2)The next group is least bothered about what happens around them. They simply don't care.


3)The third group is the group with self imposed SILENCE. Silence not by fear but by disgust. Silence not by lack of objectives but by the ugly truth that their opinions are never taken into account. Silence not by shyness or lack of ability to express themselves but by the sheer fact that even when they try to express, they are ignored....

-VINAYAK KRISHNA


By Niharika T S



**By Nithin Thomas**



## വായന എന്ന വീണ


പുസ്തക താളിൽ അക്ഷരപൂക്കൾ
തൻ
വീണയല്ലോ വായന

മനസ്സിനെ ആനന്ദമാം കുളിരേകും
ഓർമ്മയല്ലോ വായന

വായനയാം മരത്തിലെ
തണലേകുന്ന
ഇലകളിൽ ഒളിഞ്ഞിരിക്കുന്നു
ഞാൻ

വായന എന്ന കുഞ്ഞ് ചെപ്പ്
തുറന്നെടുക്കൂ
കുരുന്നു മനസ്സുകൾ
ഉണർന്നീടുവാൻ

-Safa Rasheed




**By Nitty Rose P J**



By Pooja P R



**By Reena Winnerway**



**Book Review**

## പാത്തുമ്മാന്റെ ആട്


മലയാളസാഹിത്യത്തിലെ മറക്കാനാവാത്ത എഴുത്തുകാരിൽ ഒരാളാണ് വൈക്കം മുഹമ്മദ് ബഷീർ. തന്റെ വ്യത്യസ്തമായ എഴുത്ത് രീതിയിലൂടെയും ആശയാവതരണത്തിലൂടെയും പ്രസിദ്ധനായ എഴുതുകാരനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ചെറുകഥകൾ എല്ലാം തന്നെ പേരുകേട്ടതാണ്.

'പാത്തുമ്മാന്റെ ആട്' അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഒരു ഏട് തന്നെയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അദേഹത്തിന്റെ കൃതികൾ അദേഹത്തിന്റെ ജീവിതത്തിലുണ്ടായതോ അതോ കേട്ടുകഥയോ എന്നു സംശയം വരും. എല്ലാത്തിനുമുപരി അദേഹത്തിന്റെ ഹാസ്യബോധമാണ് നാം കാണേണ്ടത്. ഹാസ്യത്തിന്റെ ഒരുപാട് നുറുങ്ങുകൾ അങ്ങിങ്ങായി വിതറിയിടുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്.



തന്റെ പുതപ്പ് തിന്നുന്ന ആടിനെ
അഭിസംബോധന ചെയ്യുന്ന വിധം
എല്ലാം തികച്ചും വ്യത്യസ്തവും
വായനക്കാരെ
പിടിച്ചിരുത്തുന്നതുമാണ്. തന്റെ
കഥകളിലൂടെ കഥാകൃത്ത്
സാമൂഹ്യ പ്രശ്നങ്ങളെ തന്നെയാണ്
ചൂണ്ടികാണിക്കുന്നത്. ആടിന്റെ
തീരാ വിശപ്പ് ഒരു കുടുംബത്തിന്റെ
തീരാ ആവിശ്യങ്ങളെ
സൂചിപ്പിക്കുന്നതായി
ചിലടയിടത്തെങ്കിലും നമുക്ക്
തോന്നിയേക്കാം.

-Bhuvana Raj T




By Rena Rose A J




**By Sneha Joy**



**By Sona P V**



**By Vivek C V**



By Stalwin Joju



Photograph by
Gayathri S Raveendran


Thank
You!